കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - മലപ്പുറം ജില്ലയിലെ താനൂർ ഗ്രാമ പഞ്ചായത്തിൽ 2011-2012, 2013-2014, 2014-2015 വർഷങ്ങളിൽ നടപ്പിലാക്കിയ പഞ്ചായത്തിലെ വിദ്യാസമ്പന്നരായ യുവതീയുവാക്കൾക്ക് പി.എസ്.സി പരീക്ഷക്ക് തയ്യാറെടുക്കുന്നതിന് പരിശീലനം നൽകിയത് സംബന്ധിച്ച ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിലെ തടസ്സത്തിന് ആധാരമായ ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശ സ്വയം ഭരണ (എ.ബി) വകുപ്പ്

സ.ഉ(സാ.ധാ).നം.3837/2015/ത.സ്വ.ഭ.വ തിരുവനന്തപുരം,തിയതി, 22.12.2015

---

പരാമർശം : 1. താനൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ 04.08.2015 – തിയതിയിലെ എ 3-642/15 നമ്പർ കത്ത്

## <u>ഉത്തരവ്</u>

മലപ്പുറം ജില്ലയിലെ താനൂർ ഗ്രാമ പഞ്ചായത്തിൽ 2011-2012, 2013-2014, 2014-2015 വർഷങ്ങളിൽ നടപ്പിലാക്കിയ പഞ്ചായത്തിലെ വിദ്യാസമ്പന്നരായ യുവതീയുവാക്കൾക്ക് പി.എസ്.സി പരീക്ഷക്ക് തയ്യാറെടുക്കുന്നതിന് പരിശീലനം നൽകിയ ഇനത്തിലുള്ള ചെലവ് ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിൽ തടസ്സപ്പെടുത്തിയിരുന്നു. എന്നാൽ പ്രസ്തുത പരിശീലന പരിപാടിയിൽ പങ്കെടുത്തതിലൂടെ പഞ്ചായത്തിലെ വളരെയധികം യുവതീ യുവാക്കൾക്ക് നല്ല നിലയിൽ പി.എസ്.സി പരീക്ഷകളെഴുതുന്നതിനും പി.എസ്.സിയുടെ വിവിധ റാങ്ക് ലിസ്റ്റുകളിലുൾപ്പെടുന്നതിനും സഹായകരമായിട്ടുണ്ടെന്നും ആയതിനാൽ ലോക്കൽ ഫണ്ട് ഓഡിറ്റ് തടസ്സപ്പെടുത്തിയ ചെലവിന് സർക്കാർ സാധൂകരണം തേടുന്നതിനായി പഞ്ചായത്ത് ഭരണ സമിതി തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

ഈ സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പദ്ധതി മാർഗ്ഗരേഖ പ്രകാരം ഇത്തരത്തിലുള്ള പരിശീലന പരിപാടികൾ അനുവദനീയമല്ലായെങ്കിലും പദ്ധതിയുടെ ചെലവ് താനൂർ ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ചെലവ് ചെയ്തിരിക്കുന്നതിനാൽ മലപ്പുറം ജില്ലയിലെ താനൂർ ഗ്രാമ പഞ്ചായത്തിൽ 2011-2012, 2013-2014, 2014-2015 വർഷങ്ങളിൽ നടപ്പിലാക്കിയ പഞ്ചായത്തിലെ വിദ്യാസമ്പന്നരായ യുവതീയുവാക്കൾക്ക് പി.എസ്.സി പരീക്ഷക്ക് തയ്യാറെടുക്കുന്നതിന് പരിശീലനം നൽകിയത് സംബന്ധിച്ച ലോക്കൽ ഫണ്ട് ഓഡിറ്റ്

............2

റിപ്പോർട്ടിലെ തടസ്സത്തിന് ആധാരമായ ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
കെ.ആർ.പഴനിയമ്മ
ഡെപ്യൂട്ടി സെക്രട്ടറി

സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
സെക്രട്ടറി, താനൂർ ഗ്രാമ പഞ്ചായത്ത്, മലപ്പുറം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ